<u>പ്രസിദ്ധീകരണത്തിന്</u>

തിരുവനന്തപുരം
24-09-2016

## എം.എസ്.റാവുത്തർ അനുസ്മരണം 27 ന്

പ്രമുഖ ട്രേഡ് യൂണിയൻ നേതാവായിരുന്ന എം.എസ്. റാവുത്തറുടെ മൂന്നാം ചരമ വാർഷിക അനുസ്മരണ സമ്മേളനം 2016 സെപ്തംബർ 27 ചൊവ്വാഴ്ച ആചരിക്കുമെന്ന് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി) ജനറൽ സെക്രട്ടറി സിബിക്കുട്ടി ഫ്രാൻസിസ് അറിയിച്ചു. പാളയം വി.ജെ.റ്റി ഹാളിൽ വൈകുന്നേരം 4 ന് മുൻ എം.പി കെ.പി.ധനപാലന്റെ അദ്ധ്യക്ഷതയിൽ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യും.

എം.എസ്.റാവുത്തർ മെമ്മോറിയൽ ട്രസ്റ്റിന്റെ ഉദ്ഘാടനം മുൻ വൈദ്യുതി വകുപ്പ് മന്ത്രി ആര്യാടൻ മുഹമ്മദ് ഉദ്ഘാടനം ചെയ്യും. ജോലിക്കിടയിൽ അപകടത്തിൽപ്പെടുന്ന വൈദ്യുതി ജീവനക്കാരന് എം.എസ്.റാവുത്തർ മെമ്മോറിയൽ ട്രസ്റ്റിന്റെ പേരിൽ നൽകുന്ന ചികിത്സ സഹായ പദ്ധതിയുടെ ഉദ്ഘാടനവും അന്നേ ദിവസം നടക്കും ചടങ്ങിൽ കെ.മുരളീധരൻ എം.എൽ.എ മുഖ്യ അനുസ്മരണ പ്രഭാഷണവും KEEC-INTUC ആൻഡ്രോയിഡ് ആപിന്റെ ഉദ്ഘാടനം ഡോ.ശശി തരൂർ എം.പിയും നിർവ്വഹിക്കും. അനുസ്മരണ സമ്മേളനത്തിൽ കെ.പി.സി.സി ജനറൽ സെക്രട്ടറി ലതികാ സുഭാഷ്, തിരുവനന്തപുരം DCC പ്രസിഡന്റ് കരകുളം കൃഷ്ണപിള്ള, ഐ.എൻ.റ്റി.യു.സി സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ.ജി.സുബോധൻ, ഐ.എൻ.റ്റി.യു.സി ജില്ലാ പ്രസിഡന്റ് വി.ആർ.പ്രതാപൻ, ആർ.ചന്ദ്രചൂഡൻ നായർ, വി.ഗോപകുമാർ എന്നിവർ പങ്കെടുക്കും. ഇതോടനുബന്ധിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജുമായി സഹകരിച്ച് നടത്തുന്ന രക്തദാന ക്യാമ്പ് രാവിലെ 9.30 ന് കെ.എസ്. ശബരീനാഥൻ എം.എൽ.എ ഉദ്ഘാടനം ചെയ്യും

Sd/-

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി
കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ്
കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)
**മൊബൈൽ:** 9447303578